# ഓർമ്മക്കുറിപ്പുകൾ

അന്നൊരു ഞായറാഴ്ച ആയിരുന്നു. ഞാൻ രാവിലത്തെ പണിയൊക്കെ കഴിഞ്ഞ് ഒന്ന് പുറത്ത് പോകാൻ ആണ് എന്റെ പരിപാടി. സമയം 9 മണിയായികാണും. പ്രഭാതഭക്ഷണം കഴിഞ്ഞ് ഒരു പത്തു മിനിറ്റ് പേപ്പർ വായിക്കാൻ ഇരിക്കുകയായിരുന്നു. മുൻവശത്തെ വാതിൽ ചാരിക്കിടക്കുന്നു. പെട്ടന്ന് മോളെ എന്നൊരു വിളിയും തുടർന്ന് കാളിങ് ബെൽ അടിക്കുന്ന ശബ്ദവും. ഒരുനിമിഷം ഈയിടെ ഞങ്ങളെ വിട്ടുപിരിഞ്ഞ അമ്മയെ ഓർത്തു ഞാൻ. മോളെ എന്ന് ഈ വയസ്സിലും എന്നെ വിളിച്ചിരുന്ന എന്റെ അമ്മയെ.

ഞാൻ ചാടി എഴുന്നേറ്റ് വാതിൽ തുറന്നു. അമ്മയെ ഓർമിപ്പിക്കുന്ന രൂപവുമായി വയസ്സായ ഒരു സ്ത്രീ വരാന്തയുടെ കൈവരിയിൽ പിടിച്ചു നിൽക്കുന്നു. ഒരുവിധം തടിച്ച വെളുത്ത ദേഹം. മുണ്ടും വേഷ്ടിയും വേഷം. അമ്മയുടെ എണ്ണക്കറുപ്പാർന്ന മുടിയുടെ സ്ഥാനത്തു മുഴുവനും നരച്ച തലമുടി.

എന്താ വേണ്ടത്? ഞാൻ ചോദിച്ചു.

മക്കളെ, എനിക്ക് തീരെ വയ്യാ, എന്തെങ്കിലും തരോ? അവർ കൈനീട്ടി.

എന്താ അസുഖം?

എനിക്ക് ഒരു ഓപ്പറേഷൻ ഒക്കെ കഴിഞ്ഞതാ.

എന്തിന്റെയാ?

അവർ വേഷ്ടി ഒരു ഭാഗം മാറ്റി കാണിച്ചു തന്നു. എനിക്ക് എല്ലാം മനസ്സിലായി.

ഞാൻ അകത്തേക്ക് പോയി, ബാഗിൽ നിന്ന് ഒരു 100 രൂപ നോട്ട് എടുത്ത് അവരുടെ കൈയിൽ കൊടുത്തു.

അമ്മ എന്തെങ്കിലും കഴിച്ചോ?

ഇല്യ, എന്തെങ്കിലും ഇരുപ്പുണ്ടോ? ഒരു രണ്ടെണ്ണം മതി.

ഞാൻ രണ്ട് ദോശയും ചമ്മന്തിയും കൊണ്ടുകൊടുത്തു. വളരെ സ്വാദോടെ അത് കഴിച്ചു, കുറച്ചു ചൂട് വെള്ളവും കുടിച്ചു.

ഹാവൂ, ഇപ്പോൾ ഒരുവിധം നടക്കാമെന്നായി.

എവിടെയാ വീട്?

പേട്ടയ്ക്ക് അടുത്താണ്.

അമ്മേക്ക് മക്കൾ ഇല്ലേ?

ഉണ്ട്, മോൻ മരിച്ചുപോയി. മോൾ ഉണ്ട്. അവർക്ക് അവരുടേതായ പ്രാരാബ്ധങ്ങൾ ഇല്ലേ? വീടിന് വാടക തന്നെ 3000 ഒക്കെ വരും. എനിക്ക് ഒരു കഷ്ണം പേപ്പർ തരോ? അവർ മടിക്കെട്ടിൽ നിന്ന് കുറച്ച് ഇൻജെക്ഷൻ സൂചികൾ എടുത്തു. വരുന്നവഴി ഒരു വീട്ടിൽ നിന്ന് തന്നതാണ്, പ്രമേഹത്തിന് കുത്താനാണ്, ഒന്ന് പൊതിയണം.

അപ്പോൾ മരുന്നോ?

വീട്ടിൽ ഉള്ളത് തീരാറായി, പുതിയത് വാങ്ങണം.

ഞാൻ പേപ്പറും കുറച്ചു രൂപയും കൂടി കൊടുത്തു. അവർ അത് പൊതിഞ്ഞുകൊണ്ട് ഗേറ്റിനെ ലക്ഷ്യമാക്കി സാവധാനം നടന്ന് നീങ്ങുന്നത് ഞാൻ നോക്കി നിന്നു .

ഒരുപാട് വികാരവിചാരങ്ങൾ എന്റെ മനസ്സിലൂടെ കടന്നുപോയി. എന്തൊക്കെയാണ് ഇപ്പോഴത്തെ കോലാഹലങ്ങൾ? കള്ളപ്പണം, കുഴൽപ്പണം, കറുത്തപണം വെളുപ്പിക്കൽ, നോട്ട് മൂല്യരഹിതമാക്കൽ, കൈകൂലി, നോട്ട് രഹിത ഭാരതം, മൊബൈൽ ബാങ്കിംഗ്,,,,,. അതിനിടയിൽ ഇതുപോലെ കുറെ ജീവിതങ്ങൾ. നമ്മൾ ഇത്രയൊക്കെ വളർന്നോ? ആവോ? എനിക്ക് അറിയില്ലാ.

ജീവിതത്തിന്റെ സായം സന്ധ്യയിൽ ഒരു തണൽ നൽകാൻ കഴിയുന്ന ഒരു ഭരണസംവിധാനം നമുക്ക് എന്ന് വരും?

ഞാൻ ഇത് കുറിച്ചത് ഒരു 3 കൊല്ലത്തോളം മുമ്പേ നോട്ട് നിരോധനം നടന്ന സമയത്താണ്. രാജ്യത്തെ മുതിർന്ന ജനങ്ങളെ സംരക്ഷിക്കാൻ Bhutan ഗവണ്മെന്റ് കാണിക്കുന്ന താല്പര്യം എന്തുകൊണ്ട് ഇന്ത്യ ഗവണ്മെന്റ് കാണിക്കുന്നില്ല? വല്ലാത്ത കഷ്ടം !!!! ഒരു നല്ല നാളെ നമുക്കും അകലെ അല്ല എന്ന് കരുതി കാത്തിരിക്കാം, അല്ലേ?